**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2429** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പി.എം.ജി.എസ്.വൈ.പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു;<br><br>1.മൂശാരിപ്പടി-കൊമ്പത്തുപീടിക-കടയിരുപ്പ് റോഡ് പ്രവൃത്തിയുടെ (KR0246) അടങ്കൽ തുക 386.47 ലക്ഷം രൂപയാണ്. 6.815 km നീളമുള്ള റോഡിന്റെ 2 km ടാർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ബാക്കി ഭാഗത്ത് ടാറിങ് പുരോഗമിക്കുന്നു.<br><br>2. റബ്ബർ പാർക്ക്-ആലിൻചുവട്- ടാങ്ക് സിറ്റി-മേപ്രത്തുംപടി-മങ്കുഴി റോഡ് പ്രവൃത്തിയുടെ (KR0259) അടങ്കൽ തുക 521.09 ലക്ഷം രൂപയാണ്. 8.34 km നീളമുള്ള റോഡിന്റെ 4.5 km ഭാഗം ടാർ ചെയ്തു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റബ്ബർ പാർക്ക്-ആലിൻ ചുവട്- ടാങ്ക് സിറ്റി- മേപ്രത്തുംപടി- മങ്കുഴി റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ Chainage 0/0 മുതൽ 2.6 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കരാർ ഉടമ്പടിയിൽ ഉള്ളത് പ്രകാരം വീതി കൂട്ടുന്നതിനായി കരിങ്കല്ല് കെട്ടി മണ്ണ് നിറയ്ക്കുവാൻ കരാറുകാരൻ വിമുഖത കാണിക്കുകയാണ്. നിലവിൽ, പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി പിഴ ചുമത്തി കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. പ്രസ്തുത ഭാഗം കരാറുകാരൻ ചെയ്തില്ല എങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസിയെ കൊണ്ട് പ്രവൃത്തി ചെയ്യിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | 2023-24 വർഷത്തിൽ പി.എം. ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നുള്ള റോഡുകളുടെ പദ്ധതി നിർദ്ദേശങ്ങൾക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1.ഇലഞ്ഞിക്കാപ്പിള്ളി മംഗലത്തുനട എൽ.പി. സ്കൂൾ റോഡ് (KR0251) - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. അടങ്കൽ തുക 554.73 ലക്ഷം രൂപയും, ദൈർഘ്യം 5.3 km-ഉം ആണ്. |

| | | | |
|---|---|---|---|
| | | | 2.കോട്ടൂർ പൂതുക്ക വണ്ടിപ്പേട്ട റോഡ് (KR0265) - ടെണ്ടർ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചു. പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു. അടങ്കൽ തുക 1027.70 ലക്ഷം രൂപയും ദൈർഘ്യം 9.3 km-ഉം ആണ്. |

സെക്ഷൻ ഓഫീസർ